പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.690

09.02.2016 ൽ
മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.സത്യൻ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) യുവജനകാര്യ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായി മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ; | എ) യും ബി) യും<br>സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങളെ സംബന്ധിച്ചും മറ്റുമായി പ്രസ്തുത വിഭാഗങ്ങളിലെ യുവാക്കൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഒരു പദ്ധതി കേരള സംസ്ഥാന-യുവജനകമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ നടത്തിപ്പിനായി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ/ആദിവാസി/പിന്നാക്ക മേഖലകളിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ? | കേരള സംസ്ഥാനയുവജനക്ഷേമബോർഡ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഭാരതദർശൻ എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ